വനംവകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് വനാശ്രിതരായ ആദിവാസി സമൂഹത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും 16/04/2022 തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം 92/2022, 93/2022 കാറ്റഗറി നമ്പരുകളിലായി അപേക്ഷ ക്ഷണിച്ചിരിക്കുന്നു . ടി തസ്തികയിലേയ്ക്ക് നാളിതുവരെ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിവരെ അപേക്ഷ സമർപ്പിക്കുന്നവരുമായ എല്ലാ ഉദ്യോഗാർത്ഥികൾക്കും അവസാന തീയതിയായ 18/05/2022 വരെ തങ്ങളുടെ അപേക്ഷയിലെ ജില്ല ശരിയായി രേഖപ്പെടുത്തുന്നതിനും അപേക്ഷയിൽ ഗസറ്റ് വിജ്ഞാപനപ്രകാരം അവകാശപ്പെട്ടിരിക്കുന്ന യോഗ്യതാപ്രമാണങ്ങൾ അപ് ലോഡ് ചെയ്യുന്നതിനും അവസരമുണ്ടായിരിക്കുന്നതാണ് . ഉദ്യോഗാർത്ഥികൾ പ്രസ്തുത അവസരം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. അപേക്ഷസമർപ്പണവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന സംശയ നിവാരണത്തിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലാ ഓഫീസുകളിലും പ്രവർത്തി ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് സജ്ജമാക്കിയിട്ടുണ്ട് . അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉദ്യോഗാർത്ഥികളും ഗസറ്റ് വിജ്ഞാപനപ്രകാരമുള്ള യോഗ്യതാ പ്രമാണങ്ങൾ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയായ 18/05/2022 നകം അപ് ലോഡ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.